**പത്തനംതിട്ട, ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടറുടെ നടപടിക്രമം.**

**(ഹാജർ : പ്രേം കൃഷ്ണൻ എസ്, ഐ.എ.എസ് )**

**(കളക്ടറേറ്റ്, പത്തനംതിട്ട - ഫോൺ- 0468 2222515, ഇ മെയിൽ- dcpta.ker@nic.in)**

നം.DCPTA/1687/2024-DM1-Part(2) തീയതി : 25-05-2024

വിഷയം :- കാലവർഷ തുലാ വർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ പ്രകാരം കേരള സംസ്ഥാന വൈദ്യതി ബോർഡിന്റെ (KSEB) യുടെ അധീനതയിലുള്ള അണക്കെട്ടുകളുടെ വിവിധ അലെർട്ട് ലെവലുകളുടെ പ്രഖ്യാപനത്തിനും, റൂൾ കർവ് അനുസരിച്ചു അണക്കെട്ടുകൾ തുറന്നുവിടുന്നതിനുമുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) കെ.എസ്.ഇ.ബി ഡാം സേഫ്റ്റി കക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 16/05/2024 ലെ No. DSD1/Monsson Management/2024-25/120 നമ്പർ കത്ത്

2) DDMA യുടെ 18/05/2024 തീയതിയിലെ യോഗ തീരുമാനം.

*************

കാലവർഷ തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ പ്രകാരം KSEB യുടെ അധീനതയിൽ ഉള്ള അണക്കെട്ടുകളുടെ വിവിധ അലെർട്ട് ലെവലുകളുടെ പ്രഖ്യാപനത്തിനും, റൂൾ കർവ് അനുസരിച്ചു അണക്കെട്ടുകൾ തുറന്നുവിടുന്നതിനുമുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കെ.എസ്.ഇ.ബി ഡാം സേഫ്റ്റി കക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിരിക്കുന്നു .

പ്രസ്തുത കത്ത് പ്രകാരം ജില്ലയിൽ പമ്പാ നദീതടത്തിൽ ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി പമ്പ, കക്കി - ആനത്തോട് ഡാമുകളും, കക്കാട് വൈദ്യുത പദ്ധതിയുടെ ഭാഗമായി മൂഴിയാർ ഡാം എന്നിവയാണ് കേരള സംസ്ഥാന വൈദ്യുത ബോർഡിന്റെ അധീനതയിലുള്ളതെന്നും അറിയിച്ചിട്ടുണ്ട് .

ഇതിൽ കക്കി ജലസംഭരണിയുടെ നീല, ഓറഞ്ച്, ചുവപ്പ് അലെർട്ട് ജലനിരപ്പുകളും, റൂൾ കെർവ് ജലനിരപ്പും ചുവടെ ചേർത്തിരിക്കുന്നു.

| സമയപരിധി | റൂൾ ലെവൽ (RL)m | നീല അലെർട്ട് ലെവൽ (RL–2.00)m | ഓറഞ്ച് അലെർട്ട് ലെവൽ (RL–1.00)m | ചുവപ്പ് അലെർട്ട് ലെവൽ (RL–0.50)m |
|---|---|---|---|---|
| ജൂൺ 10 | 975.36 | 973.36 | 974.36 | 974.86 |
| ജൂൺ 20 | 975.36 | 973.36 | 974.36 | 974.86 |
| ജൂൺ 30 | 975.36 | 973.36 | 974.36 | 974.86 |
| ജൂലൈ 10 | 975.36 | 973.36 | 974.36 | 974.86 |
| ജൂലൈ 20 | 975.36 | 973.36 | 974.36 | 974.86 |
| ജൂലൈ 31 | 975.36 | 973.36 | 974.36 | 974.86 |
| ആഗസ്റ്റ് 10 | 975.75 | 973.75 | 974.75 | 975.25 |
| ആഗസ്റ്റ് 20 | 976.00 | 974.00 | 975.00 | 975.50 |
| ആഗസ്റ്റ് 31 | 976.20 | 974.20 | 975.20 | 975.70 |

| | | | | |
|---|---|---|---|---|
| സെപ്റ്റംബർ 10 | 976.40 | 974.40 | 975.40 | 975.90 |
| സെപ്റ്റംബർ 20 | 976.60 | 974.60 | 975.60 | 976.10 |
| സെപ്റ്റംബർ 30 | 976.91 | 974.91 | 975.91 | 976.41 |
| ഒക്ടോബർ 10 | 977.95 | 975.95 | 976.95 | 977.45 |
| ഒക്ടോബർ 20 | 978.83 | 976.83 | 977.83 | 978.33 |
| ഒക്ടോബർ 31 | 979.84 | 977.84 | 978.84 | 979.34 |
| നവംബർ 10 | 980.56 | 978.56 | 979.56 | 980.06 |
| നവംബർ 20 | 981.00 | 979.00 | 980.00 | 980.50 |
| നവംബർ 30 | 981.00 | 979.00 | 980.00 | 980.50 |

പമ്പാ ജലസംഭരണിയിൽ റൂൾ ലെവലുകൾ നിലവിലില്ല. പമ്പ ജലസംഭരണിയുടെ നീല, ഓറഞ്ച്, ചുവപ്പ് അലെർട്ട് ജലനിരപ്പും പരമാവധി സംഭരണ നിരപ്പും ചുവടെ ചേർത്തിരിക്കുന്നു.

| പമ്പാ ഡാം | |
|---|---|
| ഫുൾ റിസർവോയർ ലെവൽ | 986.33 മീറ്റർ |
| ബ്ലൂ അലേർട്ട് ലെവൽ | 982.00 മീറ്റർ |
| ഓറഞ്ച് അലേർട്ട് ലെവൽ | 983.50 മീറ്റർ |
| റെഡ് അലേർട്ട് ലെവൽ | 984.5 മീറ്റർ |

മൂഴിയാർ ഡാമിൽ നീല, ഓറഞ്ച് അലെർട്ട് നിലവിലില്ല. 190 മീറ്ററിൽ ജലനിരപ്പ് എത്തിയാൽ ചുവപ്പ് അലെർട്ട് പ്രഖ്യാപിക്കുന്നതും 192.63 മീറ്ററിൽ എത്തിയാൽ ഡാം തുറന്നു വിടുന്നതുമാണ്.

ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ദുരന്ത നിവാരണ സംബന്ധിയായ ഓറഞ്ചു ബുക്ക് പ്രകാരം അണക്കെട്ടുകളുടെ ചുവപ്പ്, ഓറഞ്ച്, നീല എന്നീ അലെർട്ട് ജലനിരപ്പുകളും, റൂൾ കെർവ് അനുസരിച്ച് ഏതു സാഹചര്യങ്ങളിൽ അണക്കെട്ടുകൾ തുറന്നുവിടും എന്നതു സംബന്ധിച്ചും അണക്കെട്ടുകൾ നിലനിൽക്കുന്നതും, അണക്കെട്ടിലെ ജലം ഒഴുകിപോകുന്നതുമായ ജില്ലകളിലെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ അനുമതി വാങ്ങണം എന്ന് നിഷ്കർഷിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി അണക്കെട്ടുകളുടെ ചുവപ്പ്, ഓറഞ്ച്, നീല എന്നീ ജലനിരപ്പുകളിൽ അലെർട്ട് പ്രഖ്യാപിക്കുന്നതിനും റൂൾ കെർവ് അനുസരിച്ച് അണക്കെട്ടിലെ ജലം ഒഴുക്കിവിടുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

1. അണക്കെട്ടുകളിൽ നിന്നും ജലം തുറന്നുവിടേണ്ടുന്ന സാഹചര്യം ഉണ്ട് എന്ന അനുമാനത്തിൽ എത്തുകയാണെങ്കിൽ നീല അലെർട്ട് പുറപ്പെടുവിക്കുന്ന അവസരത്തിൽ തുറന്നുവിടുവാൻ സാധ്യതയുള്ള അണക്കെട്ടിന്റെ ജലബഹിർഗമന പാതയിലുള്ള എല്ലാ ജില്ലകളിലെയും അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ (BSNL STD + 1077ൽ) നിർബന്ധമായും അറിയിപ്പ് നൽകേണ്ടതാണ്.
2. 36 മണിക്കൂർ മുൻപെങ്കിലും ഇത്തരം ഒരു പ്രാഥമിക അറിയിപ്പ് ജില്ലകൾക്ക് നൽകേണ്ടതാണ്.
3. സ്പിൽവേകൾ, അണക്കെട്ടുകൾ, ബരേജുകൾ എന്നിവയുടെ ഷട്ടറുകൾ പ്രവർത്തന ക്ഷമം ആണ് എന്ന് ഉറപ്പ് വരുത്തുക.
4. ജില്ലയിലെ നദീതീരങ്ങളിൽ താമസിക്കുന്നവർക്ക് ജാഗ്രതാ നിർദ്ദേശം വിവര പൊതു ജന സമ്പർക്ക വകുപ്പ് വഴി പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് നൽകേണ്ടതാണ്.
5. ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലാ കളക്ടർമാരുടെയും അനുമതിയോടെ മാത്രമേ

അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടാൻ പാടുള്ളൂ.

6. ഒരു കാരണവശാലും വൈകിട്ട് 6 മണിക്ക് ശേഷം, പകൽ 6 മണി വരെ, പകൽ തുറക്കാതെ ഇരുന്ന അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്ന് പുതുതായി ജലം ഒഴുക്കരുത്.
7. വേലിയേറ്റ സമയത്തെ സമുദ്ര സ്ഥിതി കൂടി INCOISന്റെ വെബ്സൈറ്റിൽ (https://incois.gov.in/portal/osf/tide.jsp) നിന്നും പരിശോധിച്ച് വേണം അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടേണ്ടത്.
8. പൊതുജനങ്ങൾക്ക് അണക്കെട്ട് തുറക്കുന്നതിന് മുൻപ് ഇ.എ.പി അനുസരിച്ചുള്ള സൈറൺ മുഴക്കി അറിയിപ്പ് നൽകണം .
9. നീല അലെർട്ട് നൽകുന്ന സമയം മുതൽ ചുവപ്പ് അലെർട്ട് നൽകുന്ന സമയം വരെ ചുരുങ്ങിയത് 24 മണിക്കൂർ സമയം എങ്കിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തണം .
10. KSEB തയ്യാറാക്കിയ അടിയന്തിരഘട്ട പ്രവർത്തന പദ്ധതി (ഇ.എ.പി) പ്രകാരം പൊതുജനങ്ങളും തദ്ദേശ സർക്കാരുകളും അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ ഉൾപ്പെടുത്തി മലയാളത്തിൽ ഒരു ലഘുലേഖയിൽ ഓരോ അണക്കെട്ട് സംബന്ധിച്ച് പ്രസിദ്ധീകരിക്കുകയും, ഈ ലഘുലേഖയിൽ ജനങ്ങൾക്ക് എങ്ങനെയാണ് മുന്നറിയിപ്പ് നൽകേണ്ടത്, ആരാണ് മുന്നറിയിപ്പ് നൽകേണ്ടത്, എങ്ങനെയാണ് അവരെ അടിയന്തരഘട്ടത്തിൽ മാറ്റേണ്ടത് എന്നിങ്ങനെയുള്ള കാര്യങ്ങൾ പ്രതിപാദിക്കണം. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളുടെ വിവരങ്ങൾ, അവർക്കുള്ള സുരക്ഷിത സ്ഥലങ്ങൾ, ഗതാഗതമാർഗങ്ങൾ, ഒഴിപ്പിക്കൽ വഴികൾ തുടങ്ങിയവയുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണം.
11. ഓറഞ്ച് മുന്നറിയിപ്പ് ലഭിച്ച അണക്കെട്ടിൽ നിന്നും പുറത്തേക്ക് ഒഴുക്കുവാൻ ഉദ്ദേശിക്കുന്ന ജലത്തിന്റെ അളവ് മുൻപേ അറിയിക്കേണ്ടതും, അതനുസരിച്ച് ഓരോ പ്രദേശത്തും എത്രകണ്ട് ജലം ഉയരും എന്നത് സംബന്ധിച്ച് ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററിൽ നിയോഗിച്ചിട്ടുള്ള ജലസേചന വകുപ്പ് എൻജിനീയർ അറിയിക്കേണ്ടതും, ജലം നദി കരകവിഞ്ഞ് ഒഴുകുമോ എന്ന് ബന്ധപ്പെട്ട വകുപ്പുകൾ കൂട്ടായി പരിശോധിക്കുകയും ചെയ്യേണ്ടതാണ്.
12. തുറന്നുവിടുന്ന ജലം കരകവിഞ്ഞ് ഒഴുകുവാൻ സാദ്ധ്യതയുണ്ടെങ്കിൽ പൊതുജനങ്ങൾക്കായി മൈക്കിലൂടെ 12 മണിക്കൂർ മുൻപെങ്കിലും അറിയിപ്പ് പോലീസ്, തദ്ദേശസ്വയംഭരണം,, അഗ്നിസുരക്ഷ എന്നീ വകുപ്പുകൾ നൽകേണ്ടതാണ്.
13. റെഡ് അലെർട്ട് മുന്നറിയിപ്പ് പുറപ്പെടുവിച്ച അണക്കെട്ടിൽ നിന്നും പുറത്തേക്ക് ഒഴുക്കുവാൻ ഉദ്ദേശിക്കുന്ന ജലത്തിന്റെ അളവ് അറിയിക്കേണ്ടതും അതനുസരിച്ച് ഓരോ പ്രദേശത്തും എത്രകണ്ട് ജലം ഉയരും എന്നത് സംബന്ധിച്ച് ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ നിർണയിച്ച ജലം ഉയർന്നെത്തുവാൻ സാധ്യതയുള്ള മേഖലകളിലെ ജനങ്ങളെ പൂർണ്ണമായും ഒഴിപ്പിച്ച് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റുന്നതിന് റവന്യൂ, തദ്ദേശസ്വയംഭരണം, പോലീസ്, വനം, അഗ്നി സുരക്ഷ എന്നീ വകുപ്പുകൾ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

Prem Krishnan S I A S
ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ
& ജില്ലാകളക്ടർ, പത്തനംതിട്ട

Signed by
Prem Krishnan .s
Date: 25-05-2024 10:56:37

എക്സിക്യൂട്ടീവ് എഞ്ചിനീയർ , വൈദ്യുത ബോർഡ് ഡാം സേഫ്റ്റി ഡിവിഷൻ, കക്കാട്

പകർപ്പ് : - 1) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങൾ
2) ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട

3) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി/കോന്നി
4) റവന്യൂ ഡിവിഷണൽ ഓഫീസർ, അടൂർ/തിരുവല്ല.
4) ജില്ലാ ഫയർ ഓഫീസർ, പത്തനംതിട്ട
5) ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട (തദ്ദേശ സ്ഥാപനങ്ങൾക്ക് അറിയിപ്പിനായി)
6) എക്സിക്യൂട്ടീവ് എൻജിനീയർ, മൈനർ ഇറിഗേഷൻ, പത്തനംതിട്ട
7) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, മേജർ ഇറിഗേഷൻ, പത്തനംതിട്ട
8) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പി ഐ പി, കോഴഞ്ചേരി പത്തനംതിട്ട.
9) തഹസിൽദാർ, അടൂർ/കോഴഞ്ചേരി/റാന്നി/കോന്നി/മല്ലപ്പള്ളി/തിരുവല്ല
10) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട
11) ജില്ലാ ഇൻഫോമാറ്റിക്സ് ഓഫീസർ, പത്തനംതിട്ട (ജില്ലാ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
12) ഓഫീസ് പകർപ്പ്/ സ്റ്റോക്ക് ഫയൽ

This is an E-Office Document, and does not require a signature in ink.